## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല - കൊടകര ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ. എൻ. പ്രദീപ് കുമാറിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി.ജെ. ജെയിംസിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2338/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/09/2018**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.04.2015-ലെ ഇ8(വിഇ3/14/ടിഎസ്ആർ)19654/2014നമ്പർ കത്ത്

2 സർക്കാരിന്റെ 28.09.2015-ലെ 396/ഇപിബി3/2015തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ.എൻ. പ്രദീപ് കുമാർ സമർപ്പിച്ച 02.03.2018-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 10.07.2015-ലെ ഡി7-42157/2013 നമ്പർ കത്ത്

### ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിലെ പ്രതിദിന കളക്ഷൻ തുക ബാങ്കിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കൊടകര ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണത്തിൽ കൊടകര ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീ. എൻ. പ്രദീപ് കുമാറും മുൻ ഹെഡ് ക്ലർക്ക് ശ്രീ. അനിൽ ബാബുവും കുറ്റക്കാരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഹെഡ് ക്ലർക്ക് ശ്രീ. അനിൽ ബാബു നടത്തിയ പണാപഹരണം കണ്ടെത്തുന്നതിൽ വന്ന വീഴ്ചയാണ് ശ്രീ. എൻ.പ്രദീപ് കുമാറിനെതിരെ ആരോപിക്കപ്പെട്ട കുറ്റം. തുടർന്ന് ശ്രീ. എൻ. പ്രദീപ് കുമാറിനെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. എൻ. പ്രദീപ് കുമാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 24.08.2009 മുതൽ 30.04.2013 വരെ അക്കൗണ്ടന്റായി പ്രവർത്തിക്കവേ കൃത്യവിലോപമൊന്നും നടത്തിയിട്ടില്ലെന്നും, അക്കൗണ്ടന്റ് എന്ന നിലയിൽ പ്രവർത്തിക്കവേ ക്യാഷ്യർ ആയി പ്രവർത്തിച്ചിരുന്ന സീനിയർ ക്ലാർക്ക് ശ്രീ. അനിൽ ബാബു സി. രശീതികൾ തിരുത്തി ധനതിരിമറി നടത്തി അക്കൗണ്ടിൽ ധനം അടവാക്കാതിരുന്നത് ശ്രദ്ധിച്ചില്ലെന്ന ആരോപണം ശരിയല്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. പരിശോധിച്ച് ലഭ്യമായ തുക ഉപയോഗിച്ച് അക്കൗണ്ടിംഗ് നടത്തുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും ആയതിനാൽ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. എൻ. പ്രദീപ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. എൻ. പ്രദീപ് കുമാറിന് കഠിന ശിക്ഷയുള്ള കുറ്റപത്രം നല്കിയതിനാൽ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു മുമ്പായി ടിയാനെതിരെ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം കൊടകര ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ. പ്രദീപ് കുമാറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി.ജെ. ജെയിംസിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ പി.ജെ ജെയിംസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (കുറ്റ പത്രം , പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പ് സഹിതം)
2. ശ്രീ. എൻ. പ്രദീപ് കുമാർ, മുൻ അക്കൗണ്ടന്റ്, കൊടകര ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/396/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ